പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1670 04.10.2016-ൽ മറുപടിയ്ക്ക്

## സ്പോർട്സ് & ഗെയിംസിന്റെ ഉന്നമനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ് | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ സ്പോർട്സ് & ഗെയിംസിന്റെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിയ്ക്കുമെന്ന് വിശദമാക്കുമോ ; | (എ) ഗ്രാമീണമേഖലയിൽ കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും അതിലൂടെ യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്താനും, സമഗ്ര പരിശീലനം ലഭ്യമാക്കുന്നതിനുമായി 08.07.2016-ൽ ബഹു.ധനകാര്യവകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സ്പോർട്സ് സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകുന്നതിലേക്കായി 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 500 കോടി രൂപയും എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷം 25 മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) കേരളത്തിലെ മികച്ച സ്പോർട്സ് & ഗെയിംസ് താരങ്ങൾ അന്യ രാജ്യങ്ങളിൽ ജോലി തേടിപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) കേരളത്തിലെ മികച്ച സ്പോർട്സ് & ഗെയിംസ് താരങ്ങൾ അന്യരാജ്യങ്ങളിൽ ജോലി തേടി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളീയ കായിക താരങ്ങൾ അന്യ സംസ്ഥാനങ്ങളിലും, സായുധ സേനകളിലും, റെയിൽവേ, പെട്രോളിയം കോർപറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവരെ കേരളത്തിൽ തന്നെ പിടിച്ചു നിർത്തുവാനായി ഇവിടെയുള്ള വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇവരെ ഓരോ കൊല്ലവും നിശ്ചിത എണ്ണത്തിൽ (പുരുഷ/സ്ത്രീ) നിയമിക്കുവാൻ പുതിയ പദ്ധതി തയ്യാറാക്കുമോ ; | (സി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (ഡി) | സ്പോർട്സിന്റെയും ഗെയിംസിന്റെയും ഉന്നമനത്തിനായി പണം സ്വരൂപിയ്ക്കാൻ ഏതെങ്കിലും തരത്തിലുള്ള ലോട്ടറി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ഈ സാമ്പത്തിക വർഷം സ്പോർട്സിനായി എത്ര രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ ? | (ഇ) | 2016-17 സാമ്പത്തികവർഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് പദ്ധതിയിനത്തിൽ 31.5 കോടി രൂപയും, കായികയുവജനകാര്യ ഡയറക്ടറേറ്റിന് 32 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ